പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത</u>
<u>ചോദ്യം നം.4000</u>

<u>31.01.2014 ൽ</u>
<u>മറുപടിയ്ക്ക്</u>

## ദേശീയ സാഹസിക അക്കാദമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. ഷാഫി പറമ്പിൽ: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ദേശീയ സാഹസിക അക്കാദമി സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് ദേശീയ സാഹസിക അക്കാദമിയും കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ദേശീയ സാഹസിക അക്കാദമിയുടെ ഒരു ഉപ കേന്ദ്രവും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) യുവാക്കളിൽ സാഹസിക മനോഭാവം വളർത്തുക, സാഹസിക കർമ്മശേഷി ജനനന്മയ്ക്ക് വിനിയോഗിക്കുക എന്നിവയാണ് സാഹസിക അക്കാദമികൾ കൊണ്ട് ലക്ഷ്യമിടുന്നത്. |
| (സി) യുവാക്കളിൽ സാഹസികത വളർത്തുക, സാഹസിക കർമ്മ ശേഷി ജന നന്മയ്ക്ക് വിനിയോഗിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി എന്തെല്ലാം കാര്യങ്ങളാണ് അക്കാദമിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (സി) ബോർഡിന്റെ കീഴിലുള്ള സാഹസിക അക്കാദമികളുടെ നേതൃത്വത്തിൽ വർഷം തോറും യുവാക്കൾക്കായി സാഹസിക പരിശീലന പരിപാടികൾ, അഡ്വഞ്ചർ കാർണിവലുകൾ എന്നിവ നടത്തി വരുന്നു. യുവശക്തി പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച യുവകർമ്മസേനയിലെ അംഗങ്ങൾക്ക് ദുരന്തനിവാരണത്തിനും മറ്റു സന്നദ്ധ പ്രവർത്തനങ്ങൾക്കുമായി പരിശീലനം നൽകിയിട്ടുണ്ട്. റോഡ് സുരക്ഷ, ദുരന്തനിവാരണം, പ്രാഥമിക ശുശ്രൂഷ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് പരിശീലനം നൽകിയിട്ടുള്ളത്. |

| | |
|---|---|
| (ഡി) അക്കാഡമിയുടെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് ; വിശദാംശങ്ങൾ നൽകാമോ? | (ഡി) സാഹസിക അക്കാഡമികളുടെ നേതൃത്വത്തിൽ പാരാസെയിലിംഗ് പരിശീലനം, പാരാഗ്ലൈഡിംഗ് പരിശീലനം, മൺസൂൺ ട്രക്കിംഗ്, പ്രതിമാസ ട്രക്കിംഗ്, ഫ്രീഹാന്റ് ക്ലൈമ്പിംഗ്, റോപ്പ് ക്ലൈമ്പിംഗ്, റിവർ ക്രോസിംഗ്, വാൾ ക്ലൈമ്പിംഗ്, ജല സാഹസിക പരിപാടികൾ എന്നിവ നടത്തി വരുന്നു. കൂടാതെ അക്കാഡമികളുടെ നേതൃത്വത്തിൽ അഡ്വഞ്ചർ കാർണിവലുകൾ വർഷം തോറും നടത്തി വരുന്നു. കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമിയുടെ നേതൃത്വത്തിൽ വർഷം തോറും സാഹസിക ഫോട്ടോഗ്രാഫി മത്സരവും സംഘടിപ്പിച്ചുവരുന്നു. വിജയിക്ക് സമുചിതമായ അവാർഡ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ